


بسم الله الرحمن الرحيم

- എന്തു കൊണ്ട് ഈ വിഷയം?
- വികല വിശ്വാസങ്ങളുടെ പേരിലുള്ള ബുദ്ധിശൂന്യമായ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വാർത്തകൾ ഏറെ നാം കേൾക്കുന്നു.
- ഏറ്റവും പുതിയ വാർത്ത നരബലിയാണ്. സാമ്പത്തിക ഉന്നമനത്തിന് വേണ്ടി പച്ചയായ മനുഷ്യരെ നിഷ്ഠൂരമായി വധിച്ചു കളഞ്ഞ സംഭവം.
- ജനിച്ച കുഞ്ഞിന് മുലപ്പാൽ നൽകരുതെന്ന് ഒരു തങ്ങൾ പറഞ്ഞതിന്റെ പേരിൽ കുഞ്ഞിന് പാലു നിഷേധിച്ച സംഭവം കുറച്ചു കാലം മുമ്പ് നടന്നിരുന്നു.
- മരണപ്പെട്ട വ്യക്തിയുടെ മയ്യിത്ത് മറമാടാതെ ആ മയ്യിത്ത് ജീവനോടെ തിരിച്ച് വരും എന്ന് പ്രതീക്ഷിച്ച് മാസങ്ങളോളം മറവ് ചെയ്യാതെ സൂക്ഷിച്ച് വെച്ച സംഭവം നടന്നത് നമ്മുടെ കേരളത്തിലാണ്.
- ആറു വയസ്സുള്ള കുഞ്ഞിനെ ദൈവ വിളി പ്രതീക്ഷിച്ച് കഴുത്തറത്ത് കൊന്നതും നമ്മുടെ രാജ്യത്താണ്.
- ആന്ധ്രപ്രദേശിലെ ചിറ്റൂർ ജില്ലയിൽ മദനപ്പള്ളി എന്ന കൊച്ചു ഗ്രാമത്തിലെ പ്രായപൂർത്തിയായ രണ്ടു പെൺമക്കളെ തലക്കടിച്ചു കൊന്നത് വിദ്യാസമ്പന്നരായ മാതാപിതാക്കളാണ്.
- ദോഷയുഗം മാറി നല്ല കാലം പിറക്കുമ്പോൾ മക്കൾ പുനർജനിച്ചു വരും എന്നാതായിരുന്നു അവരുടെ വിശ്വാസം.
- എവിടെ നിന്നാണ് ഇത്തരം അന്ധ വിശ്വാസങ്ങൾ സമൂഹത്തിലേക്ക് കടന്നു വന്നത്?
- എന്തു കൊണ്ടാണ് ഇത്തരം അന്ധവിശ്വാസങ്ങൾ സമൂഹത്തെ പിടികൂടുന്നത്?
- ഭൌതികമായ അറിവ് മനുഷ്യനെ ധാർമികതയിലേക്ക് എത്തിക്കുകയില്ല എന്നാണ് ചുറ്റുപാട് നമ്മെ പഠിപ്പിക്കുന്നത്.
- നഗ്നരായ മനുഷ്യരുടെ കാലു തൊട്ടു വണങ്ങുന്നത് ഉയർന്ന ഉദ്യോഗസ്ഥരാണ്.
- ആൾദൈവങ്ങളുടെ മുന്നിൽ അഭയം തേടുന്നത് കേവലം സാധരണക്കാരായ മനുഷ്യർ മാത്രമല്ല, സമൂഹത്തിലെ ഉന്നത സ്ഥാനങ്ങൾ അലങ്കരിക്കുന്നവരാണ്.

- യഥാർത്ഥ വിശ്വാസം എന്താണ് എന്ന് അറിയാത്തതു തന്നെയാണ് അന്ധവിശ്വാസങ്ങൾ സമൂഹത്തെ കാർന്നു തിന്നാനുള്ള കാരണം.

**അന്ധവിശ്വാസങ്ങളിലേക്ക് മനുഷ്യരെ നയിക്കുന്നത്**

**1. ഭൌതീക നേട്ടങ്ങളോടുള്ള അമിതമായ ആഗ്രഹം.**

- തനിക്ക് ലഭിച്ച സുഖങ്ങളും സൌകര്യങ്ങളും മതിയാകുന്നില്ല എന്ന തോന്നലിൽ നിന്നും കൂടുതൽ ലഭിക്കാൻ അവസരങ്ങൾ അന്വേഷിക്കുന്നവരാണ് അന്ധ വിശ്വാസങ്ങളിൽ ചെന്നു ചാടുന്നത്.
- പൂൽച്ചാടി സമ്പത്തു കൊണ്ടു വരും എന്നു വിശ്വാസിക്കുന്നത്.

**2. അകാരണമായ ഭയം.**

- ചില സിദ്ധന്മാരും കള്ള സന്യാസിമാരും ചില മനുഷ്യരെ ഭയപ്പെടുത്തുമ്പോൾ ജീവിതം നശിക്കും. പ്രയാസമുള്ളതാകും എന്നു പേടിച്ച് അവരുടെ വാക്കുകൾ വിശ്വാസിക്കുകയും പല അന്ധ വിശ്വാസങ്ങളും ചെയ്യുന്നത് കാണാൻ സാധിക്കും.

✓ മൂങ്ങ ശബ്ദം ഉണ്ടാക്കിയാൽ കണ്ടാൽ കുടുംബത്തിൽ മരണം നടക്കും എന്നു വിശ്വാസിക്കുന്നു.

✓ പതിമൂന്ന് എന്ന നമ്പറിനെ പേടിക്കുന്നു.

✓ കറുത്ത പൂച്ചയെ കണ്ടാൽ യാത്ര ഉപേക്ഷിക്കുന്നു. അപകടം പറ്റും എന്നു വിശ്വസിക്കുന്നു.

✓ ചൊവ്വാഴ്ച്ച എന്ന ദിവസത്തെ ഭയപ്പെടുന്നു.

✓ ഇത്തരം ഭയങ്ങൾ മനുഷ്യനെ അന്ധ വിശ്വാസത്തിലേക്ക് കൊണ്ടു പോകുന്നു.

**എന്താണ് യഥാർത്ഥത്തിലുള്ള വിശ്വാസം?**

- തെളിമയാർന്ന വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ചെറുതും വലുതുമായ പാഠങ്ങൾ പഠിപ്പിക്കുന്ന മതമാണ് ഇസ്ലാം.
- ഇസ്ലാമിലെ ഏതു കർമത്തിന് പിന്നിലും ഉറച്ച വിശ്വാസമുണ്ടെന്ന സത്യമാണ് വ്യാജവിശ്വാസാശയങ്ങളിൽ നിന്ന് തികച്ചും അതിനെ വ്യതിരിക്തമാക്കുന്നത്.
- ഈ വസ്തുത ഉൾക്കൊള്ളുന്നതിലൂടെയാണ് ഒരാൾ യഥാർഥ വിശ്വാസിയാവുകയെന്ന് അല്ലാഹു പഠിപ്പിക്കുന്നുണ്ട്.

يَا أَيُّهَا الَّذِينَ آمَنُوا آمِنُوا بِاللَّهِ وَرَسُولِهِ وَالْكِتَابِ الَّذِي نَزَّلَ عَلَىٰ رَسُولِهِ وَالْكِتَابِ الَّذِي أَنزَلَ مِن قَبْلُ وَمَن يَكْفُرْ بِاللَّهِ وَمَلَائِكَتِهِ وَكُتُبِهِ وَرُسُلِهِ وَالْيَوْمِ الْآخِرِ فَقَدْ ضَلَّ ضَلَالًا بَعِيدًا ﴿١٤٦/٤﴾

- പഞ്ചേന്ദ്രിയങ്ങൾ കൊണ്ട് അനുഭവിച്ച് അറിയുന്നത് മാത്രമേ ഞാൻ വിശ്വസിക്കൂ എന്ന് മുസ്ലിമിന് പറയാൻ സാധ്യമല്ല.
- **ആരാണ് മുത്തഖികൾ എന്ന ക്വുർആൻ പറഞ്ഞു തരുന്നുണ്ട്.**

الَّذِينَ يُؤْمِنُونَ بِالْغَيْبِ وَيُقِيمُونَ الصَّلَاةَ وَمِمَّا رَزَقْنَاهُمْ يُنْفِقُونَ (٣) وَالَّذِينَ يُؤْمِنُونَ بِمَا أُنْزِلَ إِلَيْكَ وَمَا أُنْزِلَ مِنْ قَبْلِكَ وَبِالْآخِرَةِ هُمْ يُوقِنُونَ (٤) أُولَئِكَ عَلَى هُدًى مِنْ رَبِّهِمْ وَأُولَئِكَ هُمُ الْمُفْلِحُونَ (٥)

- അല്ലാഹുവിനെ അവർ കണ്ണു കൊണ്ട് കാണുന്നില്ല. എന്നിട്ടും വിശ്വാസികൾ അല്ലാഹുവിനെ അംഗീകരിക്കുന്നു. വിശ്വസിക്കുന്നു.
- **എന്താണ് ഈമാൻ**

عَنْ أَبِي هُرَيْرَةَ قَالَ كَانَ النَّبِيُّ صلى الله عليه وسلم بَارِزًا يَوْمًا لِلنَّاسِ، فَأَتَاهُ جِبْرِيلُ فَقَالَ مَا الإِيمَانُ قَالَ «الإِيمَانُ أَنْ تُؤْمِنَ بِاللَّهِ وَمَلاَئِكَتِهِ وَبِلِقَائِهِ وَرُسُلِهِ ، وَتُؤْمِنَ بِالْبَعْثِ » (بخاري)

- നോക്കൂ, മലക്കുകൾ, അമ്പിയാക്കൾ, പുനരുത്ഥാനം ഇതെല്ലാം വിശ്വാസികൾ വിശ്വസിക്കണം.
- അപ്പോഴാണ് അവൻ യഥാർത്ഥ മുസ്ലിമാകുന്നത്.
- **വിശ്വാസത്തിന് ചില ഉദാഹരണങ്ങൾ**

1. **മലക്കുകൾ ബദറിൽ ഇറങ്ങി.**

إِذْ تَسْتَغِيثُونَ رَبَّكُمْ فَاسْتَجَابَ لَكُمْ أَنِّي مُمِدُّكُمْ بِأَلْفٍ مِنَ الْمَلَائِكَةِ مُرْدِفِينَ (انفال )

2. **പിശാച് ബദറിൽ**

وَإِذْ زَيَّنَ لَهُمُ الشَّيْطَانُ أَعْمَالَهُمْ وَقَالَ لَا غَالِبَ لَكُمُ الْيَوْمَ مِنَ النَّاسِ وَإِنِّي جَارٌ لَكُمْ فَلَمَّا تَرَاءَتِ الْفِئَتَانِ نَكَصَ عَلَى عَقِبَيْهِ وَقَالَ إِنِّي بَرِيءٌ مِنْكُمْ إِنِّي أَرَى مَا لَا تَرَوْنَ إِنِّي أَخَافُ اللَّهَ وَاللَّهُ شَدِيدُ الْعِقَابِ (انفال - ٤٨)

**3. സുറാഖയുടെ കോലത്തിൽ പിശാച് വന്നു.**

يَحْيِ بْنِ عَبّادِ بْنِ عَبْدِ اللَّهِ بْنِ الزُّبَيْرِ عَنْ أبِيهِ عَبّادٍ ثُمّ قالَ: وإذْ زَيَّنَ لَهُمُ الشَّيْطانُ أعْمالَهُمْ وقالَ لا غالِبَ لَكُمُ اليَوْمَ مِنَ النّاسِ وإنِّي جارٌ لَكُمْ يَذْكُرُ اسْتِدْراجَ إبْلِيسَ إيّاهُمْ، وتَشَبُّهَهُ بِسُراقَةَ بْنِ جُعْشُمٍ حِينَ ذكروا ما بينهم وبين بن عَبْدِ مَناةَ بْنِ كِنانَةَ مِنَ الحَرْبِ الَّتِي كانَتْ بَيْنَهُمْ.

**4. സ്വാലിഹ് നബി (അ) യുടെ ഒട്ടകം.**

وَإِلَى ثَمُودَ أَخَاهُمْ صَالِحًا قَالَ يَا قَوْمِ اعْبُدُوا اللَّهَ مَا لَكُمْ مِنْ إِلَهٍ غَيْرُهُ قَدْ جَاءَتْكُمْ بَيِّنَةٌ مِنْ رَبِّكُمْ هَذِهِ نَاقَةُ اللَّهِ لَكُمْ آيَةً فَذَرُوهَا تَأْكُلْ فِي أَرْضِ اللَّهِ وَلَا تَمَسُّوهَا بِسُوءٍ فَيَأْخُذَكُمْ عَذَابٌ أَلِيمٌ (أعراف /٧٣)

- എങ്ങിനെ ഒട്ടകം ഉണ്ടായി?
- സ്വാലിഹ് നബിയോട് ആവർ ആവശ്യപ്പെട്ടു.
- അങ്ങിനെ പാറയിൽ നിന്ന് ഒരു ഒട്ടകം വരുന്നു. ബീജം, സിക്താണ്ടം ഒന്നുമില്ലാതെ ഒട്ടകം ഉണ്ടായി. ഇത് നാം വിശ്വസിക്കുന്നു.

فَعَقَرُوا النَّاقَةَ وَعَتَوْا عَنْ أَمْرِ رَبِّهِمْ وَقَالُوا يَا صَالِحُ ائْتِنَا بِمَا تَعِدُنَا إِنْ كُنْتَ مِنَ الْمُرْسَلِينَ (٧٧) فَأَخَذَتْهُمُ الرَّجْفَةُ فَأَصْبَحُوا فِي دَارِهِمْ جَاثِمِينَ (٧٨)

- എന്തു കൊണ്ട് ഇത് വിശ്വാസമായി?
- പ്രമാണത്തിൽ സ്ഥിരപ്പെട്ടു വന്നു.

**5. മൂസാ നബി (അ)**

وَإِذِ اسْتَسْقَى مُوسَى لِقَوْمِهِ فَقُلْنَا اضْرِبْ بِعَصَاكَ الْحَجَرَ فَانْفَجَرَتْ مِنْهُ اثْنَتَا عَشْرَةَ عَيْنًا قَدْ عَلِمَ كُلُّ أُنَاسٍ مَشْرَبَهُمْ كُلُوا وَاشْرَبُوا مِنْ رِزْقِ اللَّهِ وَلَا تَعْثَوْا فِي الْأَرْضِ مُفْسِدِينَ (٦٠)

**6. വടി പാമ്പായി മാറിയ സംഭവം.**

قَالَ أَلْقِهَا يَا مُوسَى (١٩) فَأَلْقَاهَا فَإِذَا هِيَ حَيَّةٌ تَسْعَى (٢٠) قَالَ خُذْهَا وَلَا تَخَفْ سَنُعِيدُهَا سِيرَتَهَا الْأُولَى (٢١) وَاضْمُمْ يَدَكَ إِلَى جَنَاحِكَ تَخْرُجْ بَيْضَاءَ مِنْ غَيْرِ سُوءٍ آيَةً أُخْرَى (٢٢) لِنُرِيَكَ مِنْ آيَاتِنَا الْكُبْرَى (٢٣) (طه)

മൂസാ നബിയിൽ വിശ്വസിച്ചവർ

قَالَ أَصْحَابُ مُوسَى إِنَّا لَمُدْرَكُونَ (٦١) قَالَ كَلَّا إِنَّ مَعِيَ رَبِّي سَيَهْدِينِ (٦٢) فَأَوْحَيْنَا إِلَى مُوسَى أَنِ اضْرِبْ بِعَصَاكَ الْبَحْرَ فَانْفَلَقَ فَكَانَ كُلُّ فِرْقٍ كَالطَّوْدِ الْعَظِيمِ (٦٣) (الشعراء)

ഇതെല്ലാം നമ്മുടെ വിശ്വാസമാണ്.

വിശ്വസിക്കാത്തവൻ ഇസ്ലാമിൽ നിന്ന് പുറത്തു പോകും.

**എന്നാൽ എന്താണ് അന്ധവിശ്വാസം?**

- മറ്റു മതങ്ങളിലെ വിശ്വാസങ്ങൾ ഏതൊരാൾക്കും വികല വിശ്വാസമാണ്.
- അത്തരം വികല വിശ്വാസങ്ങളെ പരിഹസിക്കാൻ നമുക്ക് അനുവാദമില്ല.
- എന്നാൽ അന്ധ വിശ്വാസങ്ങളെക്കുറിച്ചും ചൂഷണങ്ങളെക്കുറിച്ചും നാം സമൂഹത്തെ ബോധവാന്മാരാക്കണം.
- നമ്മുടെ ജീവിതത്തിൽ അനുഭവിക്കുന്ന ചെറുതോ വലുതോ ആയ പ്രശ്നങ്ങൾക്ക് അവിഹിതമായ മാർഗത്തിലൂടെ നാം പരിഹരിക്കാൻ ശ്രമിക്കുന്നതോടു കൂടി നമ്മുടെ ജീവിതത്തിലെ സമാധാനം നഷ്ടപ്പെടും.
- അമ്മ തന്റെ ഏറ്റവും ചെറിയ കുട്ടിയെ വാട്ടർ ടാങ്കിലിട്ട് കൊന്നത് ഈ കുഞ്ഞ് എന്റെ ഭർത്താവിനും മറ്റു മക്കൾക്കും ദോഷം വരുത്തും എന്നു ഒരു സിദ്ധൻ പറഞ്ഞതു കാരണമാണ്.
- **നോക്കൂ, അന്ധവിശ്വാസങ്ങളുടെ തുടക്കം!!!**
- **മുസ്ലിം സമൂഹത്തിലെ ചിലരുടെ വിശ്വാസങ്ങൾ വിചിത്രമാണ്.**

○ ചുട്ട കോഴിയെ മഹാന്മാർ ജീവനോടെ പറത്തി എന്നു വിശ്വസിക്കാം.

○ കഅബയെ ത്വവാഫ് ചെയ്യുന്നതിന് പകരം കഅബ ചിലരെ ത്വവാഫ് ചെയ്തു എന്ന് വിശ്വസിക്കാം.

○ മരിച്ചയാൾ എഴുന്നേറ്റു വരും എന്ന് വിശ്വസിക്കാം.

○ ഇതെല്ലാം അന്ധ വിശ്വാസമാണ്. പ്രമാണങ്ങൾ കൊണ്ട് തെളിയിക്കാൻ കഴിയാത്ത കാര്യങ്ങളുമാണ്.

**വികല വിശ്വാസങ്ങളെ നബി (സ്വ) ചികിത്സിച്ച രീതി.**

○ നബി (സ്വ) യുടെ മകൻ മരിച്ചു. നബി (സ്വ) യുടെ കുട്ടി മരിച്ചതു കൊണ്ടാണ് ഗ്രഹണം സംഭവിച്ചത് എന്ന് ആളുകൾക്കിടയിൽ ഒരു വിശ്വാസം പരന്നു.

عَنِ الْمُغِيرَةِ بْنِ شُعْبَةَ قَالَ كَسَفَتِ الشَّمْسُ عَلَى عَهْدِ رَسُولِ اللَّهِ صلى الله عليه وسلم يَوْمَ مَاتَ إِبْرَاهِيمُ، فَقَالَ النَّاسُ كَسَفَتِ الشَّمْسُ لِمَوْتِ إِبْرَاهِيمَ. فَقَالَ رَسُولُ اللَّهِ - صلى الله عليه وسلم إِنَّ الشَّمْسَ وَالْقَمَرَ لاَ يَنْكَسِفَانِ لِمَوْتِ أَحَدٍ وَلاَ لِحَيَاتِهِ ، فَإِذَا رَأَيْتُمْ فَصَلُّوا وَادْعُوا اللَّهَ (بخاري)

**അന്ധ വിശ്വാസങ്ങളിൽ നിന്നുള്ള രക്ഷക്ക്...**

**1. ലഭിച്ചതിൽ തൃപ്തിപ്പെടുക.**

കൂടുതൽ ലഭിക്കാനുള്ള ആഗ്രഹത്തിനപ്പുറം തനിക്ക് ലഭിച്ചതിൽ സംതൃപ്തിയോടെ ജീവിക്കുക.

അറബി ഭാഷയിലെ ഒരു ചൊല്ലുണ്ട്.

القَناعَةُ كَنْزٌ لا يَفْنى

കിട്ടിയതിൽ തൃപ്തിപ്പെടുക എന്നത് നഷ്ടപ്പെടാത്ത നിധിയാണ്.

**2. ഖദ്റിൽ അടിയുറച്ചു വിശ്വാസിക്കുക.**

- സമൂഹം നമ്മെ നശിപ്പിക്കാൻ തീരുമാനിച്ചാലും നമ്മെ നശിപ്പിക്കാൻ കഴിയില്ല.
- നബി (സ്വ) പറഞ്ഞതു നോക്കൂ.

واعْلَمْ أنَّ الأُمَّةَ لو اجْتَمَعَتْ عَلى أنْ يَنْفَعُوكَ لَمْ يَنْفَعُوكَ إلا بِشَيْءٍ كَتَبَ اللَّهُ عَلَيْكَ، رُفِعَتِ الصُّحُفُ وجَفَّتِ الأقْلامُ

- വിശ്വാസിയുടെ കാര്യം അത്ഭുതകം തന്നെ..

عن صُهَيْبٍ قال: قالَ رسولُ الله : ﷺ عَجَبًا لأمْرِ المُؤْمنِ، إنَّ أمْرَهُ كُلَّهُ له خيرٌ، وليسَ ذلكَ لأحَدٍ إلّا للمُؤْمنِ، إنْ أصابتْهُ سرّاءُ شَكَرَ فكانَ خيرًا لهُ، وإنْ أصابتْهُ ضَرّاءُ صَبَرَ فكانَ خَيْرًا لهُ

---

- റൌദത്തുൽ ഖുത്തബാഇന്റെ നോട്ടിനെക്കുറിച്ചുള്ള താങ്കളുടെ അഭിപ്രായങ്ങളും നിർദേശങ്ങളും അറിയിക്കുക.
- ഖുത്തുബ നോട്ടുകൾ ലഭിക്കാൻ (+966581416662) എന്ന നമ്പർ സേവ് ചെയ്തു പേരും സ്ഥലവും ചേർത്തു വാട്സാപ്പ് മെസേജ് അയക്കുക.
- മുമ്പ് തയ്യാറാക്കിയ ഖുത്തുബകൾ ലഭിക്കാൻ http://www.sufaraulislam.com/ എന്ന സൈറ്റ് സന്ദർശിക്കുക.